# ഒരു സുഹൃദ്സംഗമവും കുറേ നുണക്കഥകളും

**കോ**തമംഗലം മാർ അത്തനേഷ്യസ് കോളജ് ഓഫ് എൻജിനീയറിംഗിൽനിന്ന് 1995-ൽ പഠിച്ചിറങ്ങിയ എൻജിനീയർമാരുടെ ഒരു സുഹൃദ്സംഗമം കഴിഞ്ഞ മാസം ദുബായിൽ നടന്നു. രണ്ട് ദിവസമായി നടത്തിയ 'ഗ്ലോബൽ റീയൂണിയ'ന്റെ ഉദ്ഘാടനം ദേര ഷെറാട്ടൺ ഹോട്ടലിലായിരുന്നു. സൂട്ടും കോട്ടും ഒക്കെയായി പരിപാടി പത്രാസിലായിരുന്നു. രണ്ടാം ദിവസമല്ലേ തലേദിവസം മസിലുപിടിച്ചു നടന്നവരുടെയൊക്കെ തനിനിറം പുറത്തുകണ്ടത്. എന്തായാലും എത്ര പറഞ്ഞാലും മതിവരാത്തതാണ് മരുഭൂമിയാത്രയിലെ വിശേഷങ്ങൾ. നമുക്ക് അവിടുന്നുതന്നെ തുടങ്ങാം. അതല്ലേ അതിന്റെയൊരു രസം. പഠിക്കുന്ന കാലത്ത് സ്റ്റേജിൽ അവതരിപ്പിച്ചുള്ള നൃത്തനൃത്യങ്ങളൊക്കെ അതേപടി അവതരിപ്പിച്ചപ്പോൾ ഒരു കാര്യം സംശയിക്കേണ്ടിയിരിക്കുന്നു. ഗ്രൂപ്പ് തിരിഞ്ഞും കൊടി പൊക്കിയും തല്ലുപിടിച്ച് പരിചയമുള്ള സഹപാഠികൾക്ക് അക്ഷരാർഥത്തിൽ പഴയകാല സ്മരണകൾ അയവിറക്കാനായി മനപ്പൂർവ്വം ഒടുവിൽ ഒരു തല്ല് സീൻ കൂടി ചേർത്തതാണോ? പരിപാടിക്ക് ഒരു കൊഴുപ്പുവേണ്ടേ എന്ന് നമ്മുടെ സുനിലിന് തോന്നിയിട്ടുണ്ടാകാം. എന്തായാലും സംഭവം കലക്കി. അവിടുത്തെ കുറച്ച് നുറുങ്ങ് വിശേഷങ്ങളാണിവിടെ ചേർത്തിരിക്കുന്നത്.

## ഡിസ്ക്ലെയ്മർ

ഈ കൊടുത്തിരിക്കുന്ന വിവരങ്ങൾക്ക് ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ആരുമായും ബന്ധമില്ല. എന്തെങ്കിലും സാമ്യങ്ങൾ ആർക്കെങ്കിലും തോന്നിയാൽ സംശയിക്കണ്ട. അത് നിങ്ങൾ തന്നെ. ഇനി, ആരുടെയെങ്കിലും പേരുകൾ പരാമർശിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ താഴെ കാണുന്ന ടോൾഫ്രീ നമ്പറിൽ അറിയിക്കുക. 06-5634444. അറബി അറിയാവുന്നവർ മാത്രം വിളിക്കുക, കാരണം ഷാർജ പോലീസിന് അറബിയേ അറിയൂ.

● രണ്ടാം ദിവസം നടന്ന ഡെസർട്ട് സഫാരി അംഗങ്ങൾക്ക് ഓണത്തല്ലിനുള്ള വേദിയായി. ഓണത്തല്ലിൽ സുനിൽ കാസിം, ജോമി കെ. ജോസ്, റ്റിജു സക്കറിയ തുടങ്ങിയവർ മികച്ച തല്ല് വീരൻമാർക്കുള്ള പ്രത്യേക സമ്മാനങ്ങൾ കരസ്ഥമാക്കി. മുതിർന്ന അംഗങ്ങളായ മാത്യു കാവാലം, ജയസൂര്യ എന്നിവരെ മത്സരത്തിനുമുമ്പ് ഉത്തേജകമരുന്ന് ഉപയോഗിച്ചിരുന്നു എന്ന കാരണത്താൽ യോഗ്യതാറൗണ്ടിൽനിന്നുതന്നെ പുറത്താക്കി.

● **മെയ്സ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്.......**ഗുണ്ടാവിളയാട്ടം അപ്പാടെ കാമറയിൽ പകർത്തി ഉടനെ ഒളിവിൽ പോയ വീഡിയോഗ്രാഫർ ബേസിലിനുവേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. ഏഷ്യാനെറ്റിലും കൈരളിയിലും ഓണത്തല്ല് കത്തിവയ്ക്കാതെ പ്രദർശിപ്പിക്കുമെന്ന ഭീഷണി സംഘാടകൻ സുനിൽ കാസിമിന് ലഭിച്ചിട്ടുണ്ടെന്നറിയുന്നു.

● മരുഭൂമിയിലെ ക്യാമ്പിൽനിന്ന് മോഷണം പോയ 'കന്ദൂറ'യ്ക്ക് വേണ്ടിയുള്ള അന്വേഷണവും തുടരുന്നു. ഓണത്തല്ലിൽനിന്ന് പുറത്താക്കപ്പെട്ടതിന്റെ ക്ഷീണം തീർക്കാനും, അലുംമ്നി അംഗങ്ങളെ തമ്മിൽ പിരിക്കാനും മുതിർന്ന അംഗമായ മാത്യു കാവാലം ശ്രമിക്കുന്നതായും ആക്ഷേപമുണ്ട്. ഇതിന്റെ ഭാഗമായി വീഡിയോഗ്രാഫർ ബേസിലിനെ രക്ഷിച്ച്

സംഭവം അപ്പാടെ ചാനലുകളിൽ എത്തിക്കാനായി ബേസിലിന് 'കന്ദൂറ' കൈമാറിയെന്നും കിംവദന്തിയുണ്ട്. അതിനാൽ എയർപോർട്ടുകളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും അറബി വേഷത്തിൽ സംശയകരമായ സാഹചര്യത്തിൽ കാണുന്നവരേയും പോലീസ് നിരീക്ഷിക്കുന്നുണ്ട്.

● ബെല്ലി ഡാൻസിനിടെ ബൾബ്ബൂരിയെടുത്ത് സ്ഥലത്ത് സംഘർഷാവസ്ഥ സൃഷ്ടിച്ചതിന് ബിനു എസിനെ നാടുകടത്തുമെന്നുമറിയുന്നു.

● ഡെസർട്ട് സവാരിക്കും ഓണത്തല്ലിനുംശേഷം ദുബായിലെ കോട്ടക്കൽ ആര്യവൈദ്യശാല ബ്രാഞ്ചിൽ ചില ബാച്ച് അംഗങ്ങൾ തലയിൽ മുണ്ടിട്ടെത്തിയെന്നും ചില ഭാര്യമാർ പർദയിട്ട് ഭർത്താക്കൻമാർക്ക് അകമ്പടിപോയെന്നും സൂചനയുണ്ട്. ശ്രീമാൻ ജോമി കെ.ജോസിന്റെ ഭാര്യയെ പർദയിൽ പല മെഡിക്കൽ സ്റ്റോറുകൾക്കു മുന്നിലും കണ്ടതിന് തെളിവുകളുണ്ടത്രേ. പാവം ജോമി, തല്ല് കൂടാൻ പോകുമ്പോൾ പ്രായത്തെക്കൂടി കണക്കിലെടുക്കാമായിരുന്നു. പണ്ടെങ്ങോ അടിപേടിച്ച് മതിലുചാടിയതും 'കട്ടക്കനാൽ' ഷാപ്പീന്ന് നാലുകാലിൽ നീന്തിയതുമൊക്കെയോർത്ത് കാലുംനീട്ടിയിരുന്ന് നാമം ജപിക്കേണ്ട പ്രായത്തിൽ വേണ്ടാത്ത 'കൊണഷ്ടി'നൊക്കെപ്പോയാൽ ഇങ്ങനെയിരിക്കും.

● ഓണത്തല്ലിന് കാരണമായ മലബാറിയെ കാരണമറിയാതെ തല്ലിയ റ്റിജു സക്കറിയയ്ക്ക് അടുത്ത സ്കിറ്റിൽ ഗുണ്ടാനേതാവിന്റെ റോൾ നൽകാൻ തീരുമാനിച്ചതായി പ്രശസ്ത സ്കിറ്റ് വീരൻ സ്റ്റാൻലി ഏബ്രഹാം അറിയിച്ചു.

● ബെല്ലിഡാൻസൊക്കെക്കണ്ട് 'ഷോക്കാ'യി ചാകണ്ടന്നു കരുതിയാവും രണ്ടാം ദിവസം മുഹമ്മദിനെയും കുടുംബത്തെയും കണ്ടില്ല. ഒരു മെയ്സ് അംഗത്തിന് ഇത്രയ്ക്ക് തൊലിക്കട്ടിയില്ലെന്നോ? ഛായ്...മോശം.

● കൂട്ടത്തല്ലിനിടെ ബെല്ലി ഡാൻസറെ കാണാതായത് അല്പനേരം സംഘർഷത്തിനിടയാക്കി. ഏറെ നേരത്തെ തെരച്ചിലിനു ശേഷം സമീപത്തെ ടെന്റിൽ നിന്നും ബാച്ച് അംഗമായ സ്റ്റാൻലി ഏബ്രഹാമിനൊപ്പം ബെല്ലി ഡാൻസറെ കണ്ടെത്തി. 'ബെല്ലി ഡാൻസ് എങ്ങനെ പോസ്റ്റലായി പഠിക്കാം' എന്ന കാര്യം ചർച്ച ചെയ്യുകയായിരുന്നു എന്ന് സ്റ്റാൻലി വിശദീകരണം നൽകിയത്രേ.

● ബിനു .എസ് ഡയറ്റിംഗ് തുടങ്ങിയെന്ന്! ആരും ഞെട്ടണ്ട. "അമേരിക്കൻ ഓക്ഷൻ" എന്ന കൺട്രി മത്സരത്തിൽ 200 ദിർഹം കലക്കവെള്ളത്തിൽ കളഞ്ഞ് വെറും 'കൺട്രി' ആയതിന്റെ 'റിയാക്ഷൻ' കുടുംബത്തിൽ കണ്ടു തുടങ്ങി. അപ്പോൾപ്പിന്നെ ഡയറ്റിംഗ് തുടങ്ങിയല്ലേ പറ്റൂ. വീടിനു തൊട്ടുതാഴെയുള്ള റസ്റ്റോറന്റിൽ ബില്ല് ഓവറായാതിനാൽ ട്രഷറർ ബിജിത്ത് സദാനന്ദനെ കുപ്പിയിലിറക്കാനുള്ള ശ്രമവും ബിനു നടത്തുന്നുണ്ട്. ബിനുവിന്റെ വീട്ടിലെ അടുപ്പിൽ ഇനി തീ പുകയുന്ന ദിവസം ബാച്ച് മേറ്റ്സിന് പാർട്ടി കൊടുക്കുമത്രേ. കഷ്ടമുണ്ട് കേട്ടോ, സുഹൃത്തുക്കളായാൽ അല്പംകൂടി സ്നേഹം കാണിക്കണ്ടേ. മോനേ, അമേരിക്കൻ ഓക്ഷൻ എന്നാൽ വരുത്തൻമാരെ പിഴിയുന്ന ഏർപ്പാടാണെന്ന് ആർക്കെങ്കിലും ഒരു 'കുളു' കൊടുക്കാമായിരുന്നു.

● മരുഭൂമിയിലൂടെ മൂക്കുകുത്തിപാഞ്ഞ ലാന്റ് ക്രൂയിസറിൽനിന്ന് ഇടയ്ക്കെപ്പോഴോ നിലത്തിറങ്ങിയ റ്റിജു സക്കറിയ സമീപത്ത് ഒരു കുട്ടി പട്ടം പറപ്പിക്കുന്നതു കണ്ടത്രേ. പട്ടം കണ്ട ഉടൻ വന്നു അദ്ദേഹത്തിന്റെ വക കമന്റ്- "ശാസ്ത്രത്തിന്റെ ഓരോ കണ്ടുപിടിത്ത ങ്ങളേ!"

● ഷെയ്ക്ക് മുഹമ്മദ് എന്നു തെറ്റിധരിച്ച് അറബി വേഷത്തിലെത്തിയ മാത്യു കാവാല ത്തിനോട് ബെല്ലി ഡാൻസർ വിവാഹാഭ്യർഥന നടത്തിയെന്നും അദ്ദേഹം അറിയാവുന്ന മുറി അറബിയിൽ ബെല്ലി ഡാൻസർക്ക് ഷെയ്ക്ക് പാലസിലേക്കുള്ള വഴി പറഞ്ഞുകൊടുത്തെന്നും വാർത്ത. ഇതു കണ്ട മിസിസ് മാത്യു കാവാലം അംഗ്രേസി ഭാഷയിൽ "കലപില" പറ ഞ്ഞത്രേ. "അംഗ്രേസി കലപില" മുഴുവനായി മനസിലായത് സ്റ്റാൻലിക്ക് മാത്രം. "എനിവേ", റാപ്പിഡെക്സിന്റെ ഒരു ഗുണമേ.

● ഷെറാട്ടൺ ഹോട്ടലിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിന് ആദ്യം 'മെയ്സ് കുടുംബ മേള' എന്നായിരുന്നു പേരിട്ടിരുന്നത്. ഇതോടെ കുടുംബമില്ലാത്ത കശ്മലൻമാരൊക്കെ 'കുടുംബ'മുണ്ടാക്കാൻ നൈഫ് റോഡിൽ കറങ്ങിയെന്നും തടികേടാക്കിയെന്നും പിന്നാമ്പുറ ക്കഥ. പരിപാടിയുടെ ദിവസം ദിലീപ്, ഷാഫി, സ്റ്റാൻലി, രാജ്നാഥ്, റ്റിജു തുടങ്ങിയവരുടെ അടുത്തുകൂടെപ്പോയവർക്കൊക്കെ 'ടൈഗർ ബാമി'ന്റെ മണം കിട്ടിയത്രേ.

● കുടുംബത്തെ പരിചയപ്പെടുത്തുന്ന സ്ലൈഡ് ഷോ സ്ക്രീനിൽ തകർക്കുന്നു. ഭാര്യ മാർ കൂടെയില്ലാത്തവർ അവർ നാട്ടിലാണെന്നും കേരളത്തിലാണെന്നുമൊക്കെ പറഞ്ഞ് സ്ഥലം കാലിയാക്കി. സ്റ്റാൻലിയുടെ ഊഴമെത്തി. കുടുംബമെവിടെ? അവർ അങ്ങ് ഇന്ത്യയിലാണത്രേ. ഉഴവൂരെന്നു പറഞ്ഞോന്നേ, നാരായണൻ ചേട്ടൻ നിങ്ങളുടെ രക്തബന്ധമാണെന്ന് ഞങ്ങളാ രോടും പറയില്ല. ഉറപ്പ്.

● തെളിഞ്ഞ കഷണ്ടിക്കുള്ള തെരഞ്ഞെടുപ്പ്. ജയസൂര്യ സമ്മാനവും വാങ്ങി ഞെളിഞ്ഞു പോകുമ്പോൾ പദ്മകുമാറിന്റെ ആത്മഗതം. ഇങ്ങനെയൊരു മത്സരം ഉണ്ടെന്നറിഞ്ഞിരുന്നെ ങ്കിൽ ഞാൻ 'ഗൾഫ് മേറ്റി'ൽ പോയി കാശ് കളയില്ലായിരുന്നു. ഒരബദ്ധം ഏത്......................

● ഏറ്റവും കൂടുതൽ ക്രെഡിറ്റ് കാർഡുള്ളവർക്കുള്ള സമ്മാനം കിട്ടിയതാർക്കാ? കൃഷ്ണ കുമാറിന്. പാവം, 'കീപ്പ് ഇറ്റ് അപ്പ്'. അതു പോട്ടെ. മത്സരം ആരംഭിച്ചപ്പോഴേ ഷൈനി ചാക്കോ ഇങ്ങനെ ചോദിച്ചത്രേ- റേഷൻ കാർഡ് മതിയോ? എങ്കിൽ ഞാനുമുണ്ട് മത്സരിക്കാൻ.

● രണ്ടുദിസവും ഏറ്റവും വൈകിയെത്തിയവർക്കുള്ള സമ്മാനം പപ്പനും ജോബിക്കും കൊടുക്കണം, പ്ലീസ്. എന്തു ചെയ്യാനാ, അവർക്ക് വൈകിയോടുന്ന വണ്ടിയിൽ കയറിയേ പരിചയമുള്ളൂ. വണ്ടിയുടെ പേര് പറയില്ല.

● ഉദ്ഘാടനച്ചടങ്ങിന്റെ രണ്ടാം പകുതിയിൽ ഗിരീഷ് വാര്യരുടെ വേഷം ആരെങ്കിലും ശ്രദ്ധിച്ചോ? കോപ്പിയടിയാ. ആരുടെയാണെന്നു മാത്രം പറയില്ല. "കുളു" തരാം. പേരിനോ ടൊപ്പം വാര്യരുള്ള ഒരു നടി, ഒരു നടനെ കെട്ടിയതറിയില്ലേ. അദ്ദേഹത്തിന്റേതായി 'വനിത'യിൽ അടുത്തകാലത്ത് ഒരഭിമുഖം വന്നു. വേഷമെന്തായിരുന്നു-ഇതുതന്നെ. 'പിന്നെയും പിന്നെയും ആരോ...........'.

● തിരുവല്ല, തൃശൂർ ഭാഗങ്ങളിലെ വീടുകളിൽ കേബിൾ കണക്ഷൻ കിട്ടുന്നില്ലെന്ന് പരാതി. അതെങ്ങനെ കിട്ടും? മുഖ്യമന്ത്രിക്ക് നേരിട്ടല്ലേ നിവേദനം പോയിരിക്കുന്നത്. സംഭവം ഇത്രേയുള്ളൂ. തങ്ങളുടെയൊക്കെ തനിനിറം വെളിവായ ഡെസർട്ട് സഫാരി ചാനലായ ചാനലിലൊക്കെ വരാൻ പോകുവല്ലേ. അതിനു മുമ്പായി എന്തെങ്കിലും ചെയ്തല്ലേ പറ്റൂ. ഈ ബുദ്ധി ആദ്യം ഉദിച്ചത് രണ്ടു തലകളിലാണ്. ബിനു നൈനാന്റേയും ജിനോയിയുടെയും. അതുകൊണ്ട് അവിടുത്തെ കേബിളുകൾ ആദ്യം കട്ടായി. ബാക്കിയൊക്കെ താമസിയാതെ കട്ടായിക്കൊള്ളും. സംഭവസ്ഥലത്ത് വെളിച്ചം കുറവായിരുന്നത് ആരാണ്ടടെയൊക്കെ ഭാഗ്യം. നന്ദി പറയേണ്ടത് ബിനു എസിനാണ്. ബൾബ് അങ്ങേരുടെ കൈയിലല്ലായിരുന്നോ?